പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3967

18.10.2011 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## നഹാസാഹിബ് മെമ്മോറിയൽ പോളിടെക്നിക്

| ചോദ്യം<br>ശ്രീ. കെ. എൻ. എ. ഖാദർ | മറുപടി<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| --- | --- |
| എ) ചേളാരിയിൽ സ്ഥിതി ചെയ്യുന്ന നഹാസാഹിബ് മെമ്മോറിയൽ പോളിടെക്നിക്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;<br><br>ബി) പ്രസ്തുത സ്ഥാപനത്തിന്റെ ആരംഭ ഘട്ടത്തിൽ അതിനു നൽകിയ പേര് ഇപ്പോൾ ഉപയോഗിക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും<br>ചേളാരിയിൽ സ്ഥിതി ചെയ്യുന്ന തിരൂരങ്ങാടി ഗവൺമെന്റ് പോളിടെക്നിക്, നേരത്തെ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളായിരുന്നു. ടെക്നിക്കൽ ഹൈസ്കൂളിന് തിരൂരങ്ങാടി നിയോജകമണ്ഡലം എം. എൽ. എ. യും ദീർഘകാലം മന്ത്രിയും ഉപമുഖ്യ മന്ത്രിയുമായിരുന്ന ശ്രീ. കെ. അവുക്കാദർ കുട്ടി നഹയുടെ നാമധേയം നൽകിയിരുന്നു. എന്നാൽ പോളിടെക്നിക്കിന്റെ പേരിൽ നിന്നും പ്രസ്തുത നാമധേയം ഒഴിവായിപ്പോവുകയാണുണ്ടായത്. സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും ശ്രീ. കെ. അവുക്കാദർകുട്ടി നഹയുടെ നാമധേയം പുനഃസ്ഥാപിക്കുവാനും നടപടി സ്വീകരിക്കുന്നതാണ്. |
| സി) ഈ സ്ഥാപനം ഒരു എൻജിനീയറിംഗ് കോളേജായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; | സി) നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല |
| ഡി) ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ സ്ഥാപനത്തിൽ ഏർപ്പെടുത്തി ആധുനിക സാങ്കേതിക മേഖലയ്ക്ക് ഉപയുക്തമായ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ